LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലൈ 5, ചൊവ്വ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2005 ജൂലൈ മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

മുല്ലപ്പെരിയാർ നദീജലക്കരാർ

*1 [1] *ശ്രീ. ഇ. എം. അഗസ്തി*:
.. *ശ്രീ. പ്രൊഫസർ കെ.വി. തോമസ്*:
.. *ശ്രീ. പ്രിയാർ ഗോപാലകൃഷ്ണൻ*:
.. *ശ്രീ. കാർത്തികേയൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ നദീജലക്കരാറുമായി ബന്ധപ്പെട്ട് സംസ്ഥാനം തമിഴ്നാടിന് പാട്ടത്തിന് കൊടുത്തിരുന്ന സ്ഥലം അവർക്ക് വിട്ടുകൊടുക്കുവാൻ സമ്മതിച്ചിട്ടുണ്ടോ;

(ബി) അങ്ങനെ കൈമാറുന്നുവെങ്കിൽ മുല്ലപ്പെരിയാർ അണക്കെട്ടിൻമേൽ സംസ്ഥാനത്തിന് ഉണ്ടായിരുന്ന അവകാശം നഷ്ടമാകുമോ;

(സി) എങ്കിൽ തമിഴ്നാട് ഈ അണക്കെട്ടിന്റെ ഉയരം കൂട്ടുന്നത് സംസ്ഥാനത്തിന് അറിയുവാനോ തടയുവാനോ കഴിയുമോ; കഴിയുമെങ്കിൽ അത് എപ്രകാരമെന്ന് വിശദമാക്കുമോ;

GPM. 2/564/2012—2

(ഡി) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടിയാൽ പെരിയാർ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റേയും സ്വകാര്യ വ്യക്തികളുടേയും എത്ര ഭൂമി വെള്ളത്തിനടിയിലാകും എന്ന് വ്യക്തമാക്കാമോ?

(.. .....ബഹളം.....)

(പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റ് നിന്ന് പ്ലക്കാർഡുകൾ ഉയർത്തുകയും ബഹളം ഉണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു.)

Mr Speaker: Please take your seat. ചോദ്യോത്തര സമയത്ത് ബഹളം ഉണ്ടാക്കാതിരിക്കുക. ഇന്ന് നിങ്ങൾ ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന നിങ്ങളുടെ ന്യായമായ ആവശ്യത്തിന് സമയം അനുവദിച്ചിട്ടുണ്ട്.

(.....ബഹളം.....)

ശ്രീ. സ്പീക്കർ: പ്ലീസ്, പ്ലീസ്, ...അടിയന്തിര പ്രമേയത്തിന് നോട്ടീസ് തന്നിട്ടുണ്ട്, അത് അവതരിപ്പിക്കുമ്പോൾ നമുക്ക് വിശദമായി സംസാരിക്കാമല്ലോ. ചോദ്യോത്തരസമയം നടക്കട്ടെ, അതുകൊണ്ട് Please co-operate. നടപടിക്രമങ്ങൾ അതിന്റെ ക്രമത്തിന് നടക്കട്ടെ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ഇല്ല.

(ബി) മുല്ലപ്പെരിയാർ നദീജലക്കരാർ അനുസരിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉടമസ്ഥതയും നടത്തിപ്പും മേൽനോട്ടവും തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമാണ് എന്നാൽ ഡാം സ്ഥിതിചെയ്യുന്ന പ്രദേശം കേരള വനം വകുപ്പിന്റെ അധീനതയിലാണ്. ഡാമിന്റെ സമീപ പ്രദേശങ്ങളിലെ ക്രമസമാധാനപാലനം കേരള സർക്കാരിൽ നിക്ഷിപ്തമാണ്. ഡാമിലേയ്ക്കുള്ള വൈദ്യുതി നൽകുന്നത് കെ.എസ്.ഇ.ബി. ആണ്. സ്ഥലം കൈമാറുകയാണെങ്കിൽ മേൽ അവകാശങ്ങളെല്ലാം നഷ്ടപ്പെടും. പക്ഷേ സ്ഥലം കൈമാറുവാനുള്ള ഒരു നിർദ്ദേശവും പരിഗണനയിലില്ല.

(സി) കേരള-തമിഴ്നാട് സർക്കാരുകൾ തമ്മിലുള്ള കരാർ പ്രകാരമാണ് ഇപ്പോൾ മുല്ലപ്പെരിയാർ ഡാമിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഉഭയകക്ഷി സമ്മതപ്രകാരമേ എന്തെങ്കിലും പ്രവർത്തികൾ ഡാമിലോ പരിസരത്തോ നടത്തുവാൻ കഴിയുകയുള്ളൂ. ഡാമിൽ നടത്തുന്ന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി കേരളാ ജലസേചന വകുപ്പിന്റെ കീഴിലുള്ള ഒരു മോണിറ്ററിംഗ് സെക്ഷൻ കുമിളി കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡാമിന്റെ ബലക്ഷയം മുൻനിർത്തി പൂർണ്ണ ജലനിരപ്പ് 1979 മുതൽ 136 അടിയായി സറിമപ്പെടുത്തിയിരിക്കുകയാണ്. ഡാമിന്റെ പൂർണ്ണ ജലനിരപ്പ് 152 അടിയായി ഉയർത്തുന്നപക്ഷം പാട്ടത്തിന് കൊടുത്തിട്ടുള്ള വനഭൂമിയിൽ 11.219 ചതുരശ്ര കിലോമീറ്റർ ഭൂമികൂടി വെള്ളത്തിനടിയിലാകും. ഏഴ് പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 1978-ന് ശേഷം ഉയർന്നുവന്നിട്ടുള്ള ആയിരത്തോളം വീടുകളേയും നാലായിരത്തോളം ആളുകളേയും ഇത് പ്രതികൂലമായി ബാധിക്കും

ശ്രീ. ഇ. എം. അഗസ്തി: സർ, മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ഉഭയകക്ഷി സമ്മതപ്രകാരമേ സാദ്ധ്യമാവുകയുള്ളൂ എന്നും അപ്രകാരമുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ അറിയിക്കുകയുണ്ടായി. എന്നാൽ ഡാമിന്റെ മുൻഭാഗത്ത് അനധികൃതമായി മണ്ണും കല്ലും കൂട്ടിയിട്ട് അധികജലം കേരളത്തിലേയ്ക്ക് ഒഴുകിയെത്താതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പല പ്രാവശ്യം തമിഴ്നാട് ബോദ്ധ്യപ്പെട്ടിട്ടുണ്ട്; ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടും നിയമസഭാ കമ്മിറ്റിയുടെ പഠനത്തിലുമൊക്കെ ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം അംഗീകരിച്ചിട്ടുമുണ്ട്. ഇങ്ങനെയിരിക്കെ ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് 1979 മുതൽ ജലനിരപ്പ് 152-ൽനിന്ന് 136 അടിയായി നിജപ്പെടുത്തിയിരിക്കുകയാണ്. അതിൽ കൂടുതൽ വെള്ളം ഒഴുക്കിക്കൊണ്ടു പോകാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടി എന്ന നിലയിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 136 അടിയിൽനിന്ന് പരമാവധി ഉയർന്ന നിലവാരത്തിലേയ്ക്ക് ഉയർത്തണം എന്നുള്ള ആവശ്യം തമിഴ്നാട് ഗവൺമെന്റ് ആവർത്തിച്ചാവർത്തിച്ച് ഉന്നയിച്ചിട്ടുണ്ട്. പക്ഷേ ഒരുവിധത്തിലും നമ്മൾ അത് അംഗീകരിക്കുന്ന പ്രശ്നമില്ല. രണ്ട് കാരണങ്ങൾകൊണ്ടാണ് അത് അംഗീകരിക്കാത്തത്. ഒന്ന്, ഈ ഡാമിനുതന്നെ നിലനിൽപ്പിന്റെ ഭീഷണിയുണ്ട്. അതുപോലെതന്നെ കൂടുതൽ വെള്ളം ഒഴുക്കിക്കൊണ്ടുപോകാൻ അനുവദിച്ചാൽ വളരെയേറെ ഭൂമി വെള്ളത്തിനടിയിലാകും; അവിടെ പുതുതായി വന്നിട്ടുള്ള വീടുകളേയും ആളുകളേയും ബാധിക്കുന്ന ഒരു പ്രശ്നം എന്നുള്ള നിലയിൽ അത് അംഗീകരിക്കാൻ നിവൃത്തിയില്ല എന്നുള്ള വിവരം അറിയിച്ചിട്ടുണ്ട് ഗവൺമെന്റ് ആ നിലപാടിൽത്തന്നെയാണ് നിൽക്കുന്നത്; അതിനെ ലംഘിച്ചുകൊണ്ട് അനധികൃതമായിട്ടുള്ള ഏതെങ്കിലും നടപടിയുണ്ടെങ്കിൽ അത് ഇല്ലാതാക്കാൻവേണ്ടി ശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി: സർ, മുല്ലപ്പെരിയാർ കരാർ നിലവിൽ വന്നത് 1885 കാലഘട്ടത്തിലാണ്. ഇൻഡ്യാ രാജ്യം സ്വതന്ത്രമാകുന്നതിനും, സംസ്ഥാന പുനഃസംഘടനത്തിനും വളരെക്കാലം മുമ്പുണ്ടായ ഈ കരാർ രണ്ട് തുല്യശക്തികൾ തമ്മിലുള്ള കരാർ അല്ല എന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. രണ്ട് തുല്യശക്തികൾ തമ്മിൽ പരസ്പര അറിവോടും ധാരണയോടും കൂടി ഉണ്ടാക്കുന്ന കരാറിനുമാത്രമേ നിയമപ്രാബല്യം ഉള്ളൂ എന്നിരിക്കേ ബ്രിട്ടീഷ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മദ്രാസ് സംസ്ഥാനവും സ്വതന്ത്ര രാജ്യമായിരുന്ന തിരുവിതാംകൂറും തമ്മിൽ ഉണ്ടാക്കിയ കരാർ രണ്ട് തുല്യശക്തികളുടെ കരാർ അല്ല എന്ന യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ഏറെ ദോഷകരമായ ഈ കരാർ റദ്ദാക്കണമെന്ന് കേരള സംസ്ഥാനം പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്ത കാലത്തായി നടന്ന ഏതെങ്കിലും ചർച്ചകളിൽ രണ്ട് സംസ്ഥാനങ്ങളിലെ മന്ത്രിമാർ തമ്മിലോ, അതുപോലെ കേന്ദ്ര ഗവൺമെന്റിൽ നടന്ന ചർച്ചയിലോ ഈ കരാർ റദ്ദാക്കണമെന്ന ആവശ്യം കേരളാ ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ഒരാവശ്യം ഉന്നയിക്കാൻ കേരളാ ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 1886 ഒക്ടോബർ 29-നാണ് അന്നത്തെ തിരുവിതാംകൂർ മഹാരാജാവും മദ്രാസ് ഗവൺമെന്റിനുവേണ്ടി Secretary of State for India-യും മുല്ലപ്പെരിയാർ പാട്ടക്കരാർ ഒപ്പുവച്ചത്. 1970 മേയ് 29-ന് തമിഴ്നാടും കേരളവും മുഖ്യ പാട്ടക്കരാർ ഭേദഗതി ചെയ്തുകൊണ്ട് ഒരു എഗ്രിമെന്റ് ഒപ്പുവച്ചു. അതിൽ പാട്ടഭൂമിയുടെ വാടക ഓരോ ഏക്കറിനും 5 രൂപയിൽ നിന്ന് 30 രൂപയായി വർദ്ധിപ്പിച്ചു. 30 വർഷം കൂടുമ്പോൾ ഈ പാട്ടവാടക പുതുക്കാവുന്നതാണ്. ഇതുപ്രകാരം 2000-ൽ പാട്ടവാടക പുതുക്കേണ്ടതായിരുന്നു, അത് പുതുക്കിയിട്ടില്ല. ഇപ്പോൾ തമിഴ്നാടും കേരളവും തമ്മിലുള്ള ഈ കരാറിൽ ഒരു മാറ്റം വരുത്തണമെങ്കിൽ ഉഭയകക്ഷി ചർച്ചയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. തമിഴ്നാടുമായി നമുക്ക് നല്ല ബന്ധമാണുള്ളത്. ആ നല്ല ബന്ധം തുടരണം എന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. അതേസമയത്തു തന്നെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളിൽ വിട്ടുവീഴ്ച ഉണ്ടാകുകയുമില്ല. അതുകൊണ്ട് ഈ കാര്യങ്ങൾക്കുള്ള പരിഹാരം തീരുമാനം ചർച്ചയിലൂടെ ഉണ്ടാക്കണമെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഏകപക്ഷീയമായി ഒരു മാറ്റം വരുത്താൻ ഗവൺമെന്റിന് സാധ്യവുമല്ല. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കത്തക്കവിധത്തിലുള്ള നടപടിയേ സ്വീകരിക്കുകയുള്ളൂ.

ശ്രീ. ജി. കാർത്തികേയൻ തമ്പാൻ: സർ, മുല്ലപ്പെരിയാർ കരാർ ഒരു pre-independence കരാർ ആയിരുന്നു, 1970 മേയ് 29-ന് പുതുക്കിയില്ലായിരുന്നുവെങ്കിൽ നമുക്ക് കേരളത്തിന്റെ എല്ലാ താൽപ്പര്യവും സംരക്ഷിക്കാൻ കഴിയുമായിരുന്നു.

പക്ഷേ പുതുക്കിപ്പോയി. ഇനിയും ഈ റിസിന്റെ പരിരക്ഷയ്ക്ക് കുറയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്? ഇതുസംബന്ധിച്ച് കേരള നിയമസഭ പാസ്സാക്കിയ നിയമം ഫലപ്രദമായി നടപ്പാക്കാൻ ഒരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഏകപക്ഷീയമായി ഒരു തീരുമാനം എടുക്കാൻ സംസ്ഥാന ഗവൺമെന്റിന് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് ഇതുസംബന്ധിച്ച ഒരു തീരുമാനവുമായി മുന്നോട്ട് പോകാൻ സാധിക്കാത്തത്. 2001 ഡിസംബർ 7-ന് കേരള നിയമസഭ പാസ്സാക്കിയ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയായി നിലനിർത്തണം എന്നാണ്. ആ പ്രമേയത്തിൽ തന്നെ നമ്മൾ ഉറച്ചുനിൽക്കുന്നു. അതിൽ മാറ്റം ഉണ്ടാകില്ല. പക്ഷേ ഏകപക്ഷീയമായി ഈ കരാർ തിരുത്താൻ നമുക്ക് സാധിക്കുകയില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയുവാൻ ജനങ്ങൾക്ക് ഏറെ കൗതുകമുണ്ട്. 106 വർഷം പഴക്കമുള്ള ഈ ഡാം നിർമ്മിച്ചിരിക്കുന്നത് സുർക്കിയും കുമ്മായപ്പൊടിയും ചേർത്താണ്. അങ്ങനെ നിർമ്മിച്ചിരിക്കുന്ന ഈ ഡാമിന് എന്തെങ്കിലും അപകടം സംഭവിച്ചാൽ ഇടുക്കി അണക്കെട്ട് തകർന്നുപോകും. ഇടുക്കി അണക്കെട്ട് തകർന്നുപോയാൽ കേരളത്തിലെ അഞ്ചാറ് ജില്ലകൾ മുഴുവൻ തകരും. അതുകൊണ്ട് ഈ സ്റ്റോറേജ് ലെവൽ കുറയ്ക്കുന്നതിനുവേണ്ടി എന്തെങ്കിലും കാര്യങ്ങൾ അടിയന്തിരമായി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തിയിരിക്കുകയാണ്. 1979-നുശേഷം ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്തിയിട്ടില്ല. 142 അടിയായിട്ട് ഉയർത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് സാങ്കേതിക കമ്മിറ്റി ഒരു റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അത് കേരളത്തിന്റെ പ്രതിനിധിയുടെ അംഗീകാരത്തോടെയല്ല കൊടുത്തിരിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് ആ നിർദ്ദേശത്തിനെതിരെ കേരളം സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ: സർ, 1886-ലെ പാട്ടക്കരാർ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന വിധത്തിലല്ല. 136 അടിക്ക് മുകളിൽ ഉയർത്താൻ അനുവാദം നൽകിയിട്ടില്ല എന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. പക്ഷേ നിയമസഭാ കമ്മിറ്റി അവിടെപ്പോയി പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞിട്ടുള്ള പ്രത്യേകത കേരളത്തിന്റെ സ്വന്തത്തുതന്നെ അവരുടെ ഉദ്യോഗസ്ഥരുടെ സജീവമായ സാന്നിദ്ധ്യമുണ്ട് എന്നതാണ്. സംസ്ഥാനത്തെ വനം, ജലസേചനം വകുപ്പുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ജോയിന്റ് വെരിഫിക്കേഷൻ ടീം പ്രത്യേകമായി അവിടെ പ്രവർത്തിക്കുന്നില്ല. അതിന്റെ പ്രവർത്തനമായി വെള്ളം ചോർത്തിക്കൊണ്ടുപോകാൻ കഴിയുമെന്നുള്ള യാഥാർത്ഥ്യം അവിടെ നിലനിൽക്കുന്നു. അതുകൊണ്ട് ഈ രണ്ട് വകുപ്പുകളുടെ മോണിട്ടറിംഗ് സംവിധാനം പ്രത്യേകമാക്കാൻ കഴിയുംവിധം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യമായിട്ടുള്ള നിർദ്ദേശം നൽകുമോ; അതിനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഈ ഡാമിൽനിന്നും വെള്ളം ഒഴുക്കിക്കൊണ്ടുപോകുന്നതിനെ സംബന്ധിച്ച് വളരെയധികം പരാതികൾ വന്നിട്ടുണ്ട്. അവിടെ വളരെയധികം പരിമിതികൾ ഉണ്ട്. ഇത് വളരെ ഉള്ളിൽക്കയറിയിട്ടുള്ള സ്ഥലങ്ങളാണ്. നമ്മുടെ മോണിറ്ററിംഗ് കമ്മിറ്റി കുമിളിയിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം പ്രത്യേകമായി പരിഗണിക്കാം. ഏതായാലും ജലനിരപ്പ് കൂട്ടാൻ ഒരുവിധത്തിലും സംസ്ഥാന ഗവൺമെന്റ് സമ്മതിച്ചിട്ടില്ല. ജലം 136 അടിയിൽ തന്നെയാണ് നിറുത്തിയിരിക്കുന്നത്. അതിനപ്പുറത്ത്, ഏതെങ്കിലും വിധത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും നടക്കുമോ എന്നുള്ളത് പരിശോധിച്ച് അതിനാവശ്യമായിട്ടുള്ള നടപടിയെടുക്കാം.

ശ്രീ. വി. ഡി. സതീശൻ: ഏകപക്ഷീയമായ വ്യവസ്ഥകൾ വച്ചുകൊണ്ടുള്ള ഒരു കരാറാണ് മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് ഉള്ളത്. ഏകപക്ഷീയമായ ഈ വ്യവസ്ഥകൾപോലും ലംഘിച്ചുകൊണ്ടുള്ള തമിഴ്നാടിന്റെ പ്രവർത്തനങ്ങൾ അവിടെ നടക്കാൻ തുടങ്ങിയിട്ട് ഒരുപാട് നാളുകളായി. ഒരു കരാർ എന്നുള്ളതിനേക്കാൾ ഉപരിയായി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായിട്ടുള്ള കാര്യങ്ങൾ സംഭവിക്കുന്നു എന്നുള്ളതുകൊണ്ട് ഇന്റർ സ്റ്റേറ്റ് റിവർ ഡിസ്പ്യൂട്ട് ട്രിബ്യൂണലിന്റെ മുൻപാകെ ഈ കാര്യങ്ങൾ ഗൗരവതരമായി കൊണ്ടുവരുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മെ സംബന്ധിച്ചിടത്തോളം ഒരു ഉഭയകക്ഷി ചർച്ചയിലൂടെ മാത്രമേ ഇതിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ എന്നുള്ള നിലപാടാണുള്ളത്. ജലനിരപ്പ് 136 അടിയെന്നുള്ളതിൽത്തന്നെ സർക്കാർ ഉറച്ചുനിൽക്കുന്നു. അങ്ങനെ ഒരു സാഹചര്യത്തിൽ നമ്മുടെ വിദഗ്ദ്ധർ അടക്കമുള്ളവരുടെ റിപ്പോർട്ട് അനുസരിച്ച് ഈ ജലവിതാനത്തിൽ അണക്കെട്ടിന് ഒരു ഭീഷണി ഉണ്ടാകില്ല എന്നുള്ളത് വ്യക്തമാണ്. അതുപോലെതന്നെ ജലനിരപ്പ് വർദ്ധിപ്പിച്ചാൽ വളരെയധികം ഭൂമി വെള്ളത്തിനടിയിൽ ആകുന്ന സാഹചര്യവും അതുകൊണ്ട് ഉണ്ടാകുന്നില്ല. പിന്നെ മറ്റേതെങ്കിലും വിധത്തിൽ സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

ആരെങ്കിലും അനധികൃതമായിട്ടുള്ള വിധത്തിൽ വെള്ളം കടത്തിക്കൊണ്ടു പോകുന്നു എന്നുണ്ടെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും ശ്രദ്ധയും ചെലുത്തിക്കൊണ്ട് അത് ഒഴിവാക്കാൻ ശ്രമിക്കുന്നതാണ് കരണീയമായിട്ടുള്ളത്. ഏതായാലും കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കും. അത് ഇന്റർസ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ട് ആയി മാറ്റുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ എന്നുള്ള കാര്യവും ആലോചിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: സർ, മുല്ലപ്പെരിയാർ ഒരന്തർ സംസ്ഥാന നദിയല്ല എന്നുള്ള നിലപാടാണ് സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതുപോലെ ഈ ഡാമിന്റെ സുരക്ഷിതത്വം വളരെ അപകടകരമായിട്ടുള്ള സാഹചര്യത്തിൽ എത്തിയപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് ഡാം സേഫ്റ്റി അതോറിറ്റിയുടെ തീരുമാനപ്രകാരം വാട്ടർ ലെവൽ 136 അടിയിലേക്ക് താഴ്ത്താനുള്ള തീരുമാനമെടുത്തത്. സുർക്കിയിൽ പണി പൂർത്തിയാക്കുകയും 106 വർഷം പഴക്കമുള്ളതുമായ ഇത്തരത്തിലുള്ള ഒരു ഡാം ലോകത്തിൽ അവസാനമായി നിലനിൽക്കുന്നത് കേരളത്തിൽ മാത്രമാണ്. ഈ ഒരു സാഹചര്യത്തിൽ ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച് കേന്ദ്ര ഡാം സേഫ്റ്റി അതോറിറ്റി എന്ത് പറഞ്ഞിരുന്നാലും ഇത് സുരക്ഷിതമല്ല എന്നുള്ള ഒരു നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയും 136 അടിയിൽ നിന്ന് 137 അടിയായി ജലവിതാനം താഴ്ത്തണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇത് പരിഗണിക്കാതെവന്ന സാഹചര്യത്തിലാണ് ഡാം സേഫ്റ്റിയെ സംബന്ധിച്ചുള്ള ഒരു നിയമം പാസാക്കിയത്. എന്തുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് വിവിധ കക്ഷികളുമായി ആലോചിച്ച് എടുത്ത ഈ തീരുമാനം നടപ്പിലാക്കാൻ ചർച്ചകൾ നടത്താത്തത്? അതുപോലെതന്നെ നിയമസഭ പാസാക്കിയ നിയമമനുസരിച്ചുള്ള ഡാം സേഫ്റ്റി അതോറിറ്റി എന്തുകൊണ്ടാണ് ഇതുവരെ വരാത്തത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ നിയമസഭയിൽ അങ്ങനെതന്നെ കൊണ്ടുവന്ന് പാസാക്കിയ പ്രമേയത്തിൽ 136 അടി എന്നാണ് പറഞ്ഞിരിക്കുന്നത്. 136 അടിയിലേ നിറുത്താവൂ, അതിൽ കൂട്ടാൻ പാടില്ല എന്നുള്ളതാണ് അങ്ങയുടെ പ്രമേയം. ആ പ്രമേയമുണ്ട്. 136 അടിയെന്നു പറഞ്ഞാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചത്. ആ പ്രമേയം നമ്മൾ അംഗീകരിച്ചു കൊടുത്തിട്ടുണ്ട്. ആ പ്രമേയത്തിൽ തന്നെയാണ് ഗവൺമെന്റ് നിൽക്കുന്നത്. അതിൽ ഒരു സാഹചര്യത്തിലും വർദ്ധിപ്പിക്കാൻ സമ്മതിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, എന്റെ നിയോജക മണ്ഡലത്തിലൂടെയാണ് അന്തർ സംസ്ഥാന നദികളായ ശിരുവാണി, ഭവാനി എന്നീ നദികൾ ഒഴുകുന്നത്. ഈ നദികളിലെ വെള്ളം ഉപയോഗപ്രദമാക്കുന്നതിനുവേണ്ടി കേരളത്തിലേക്ക് വെള്ളം തിരിച്ചുവിടുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ഉണ്ടായിരുന്നു. ജനകീയ എതിർപ്പ് കാരണം അത് മാറ്റിവച്ചു. ഈ സാഹചര്യത്തിൽ ആയിരക്കണക്കിന് കൃഷിക്കാർ അവരുടെ കൃഷി നനയ്ക്കാൻ ശിരുവാണി, ഭവാനി നദികളിൽ നിന്ന് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുകയാണ്. പക്ഷേ പാലക്കാട് ജില്ലാ കളക്ടർ ഇതിനെതിരായി ഒരു നിരോധന ഉത്തരവ് ഉണ്ടാക്കിയ സാഹചര്യത്തിൽ ഈ അന്തർ സംസ്ഥാന നദിയിൽ നമുക്ക് അവകാശപ്പെട്ട 2.5 ടി.എം.സി. വെള്ളത്തിൽ നിന്ന് ഒരു വലിയ ഭാഗം നമ്മുടെ കൃഷിക്കാർക്ക് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: അത് ഗവൺമെന്റിന്റെ സജീവ ശ്രദ്ധയിൽ ഉള്ളതും തമിഴ്നാട് ഗവൺമെന്റുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രശ്നമാണ്. ഞാൻ വന്നതിനുശേഷം തന്നെ മൂന്ന് പ്രാവശ്യം മുഖ്യമന്ത്രിതലത്തിലും മന്ത്രിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും മൂന്ന് ചർച്ചകൾ നടത്തിയിട്ടുണ്ട്. മൂന്ന് ചർച്ചകളിലും ഉന്നയിച്ചിട്ടുള്ള ഒരു പ്രശ്നമാണിത്. ആ ജലം സംസ്ഥാനത്തിന് ലഭിക്കുന്നതിന് വേണ്ടിയിട്ടുള്ള ഉറച്ച നിലപാടാണ് എടുത്തിരിക്കുന്നത്. അത് സംബന്ധിച്ചുള്ള തുടർന്നുള്ള ചർച്ചകളും നടത്തും.

ശ്രീ. ആർ. രാമകൃഷ്ണൻപിള്ള: ഇവിടെ പല കാലഘട്ടങ്ങളിലായി നാം കൊണ്ടുവച്ച പല അണക്കെട്ടുകളുടെയും പേരിൽ നാം അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികളിൽ ഏറ്റവും പ്രധാനമായി നാം ചെയ്തത് ഡാം സേഫ്റ്റി അതോറിറ്റി കമ്മിറ്റി രൂപീകരിക്കുന്നതിന് വേണ്ടി ഒരു നിയമം പാസ്സാക്കിയതാണ്. ശ്രീ. ടി. എം. ജേക്കബ് പോയിക്കഴിഞ്ഞപ്പോൾ അങ്ങ് അതിന് മറുപടി പറഞ്ഞില്ല. അത് നമ്മുടെ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യമാണ്. 106 വർഷം പഴക്കമുള്ള ഈ ഡാമിന് വേണ്ടി മാത്രമാണ് അങ്ങനെയൊരു നിയമം പാസ്സാക്കിയത്. അല്ലാതെ പമ്പിക്കുളത്തിന് വേണ്ടിയോ മറ്റ് എന്തിനെങ്കിലും വേണ്ടിയോ അല്ല. ഇത് യഥാർത്ഥത്തിൽ നാം ചെയ്തിരിക്കുന്നത് മുല്ലപ്പെരിയാറിനുവേണ്ടിയാണ്. പക്ഷെ ആ നിയമമനുസരിച്ചുള്ള അതോറിറ്റി രൂപീകരിച്ചിട്ടില്ല. അത് രൂപീകരിക്കാനുള്ള നടപടിയെടുത്തിട്ടുണ്ടോ? അതുപോലെതന്നെ രണ്ട് മൂന്ന് കരാറുകളാണ് നമുക്കുള്ളത്. ഒന്ന് പറമ്പിക്കുളം പിറ്റർ താവുക്കിന് വേണ്ടി കൊടുക്കേണ്ട വെള്ളം, മറ്റൊന്ന് ലോവർ ഷോളയാറിലേക്കും അപ്പർ ഷോളയാറിലേക്കും ഉള്ളത്. അപ്പോൾ നമ്മുടെ കരാറുകൾ, അതായത് പറമ്പിക്കുളം കരാർ, മുല്ലപ്പെരിയാർ കരാർ ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

അവർ ലംഘിക്കുന്നു എന്ന് ഈ നിയമസഭയിൽ പറയുമ്പോഴും പരാതിവന്നിട്ടുണ്ട്. ഈ വംഘനം കരാർ ലംഘനമാണല്ലോ. കരാറല്ലേ നമുക്ക് റദ്ദാക്കപ്പെടാൻ കഴിയൂ. കരാർ ലംഘനം നടന്നാൽ എന്ത് ചെയ്യണമെന്ന് അതിനകത്ത് വ്യവസ്ഥയില്ല. ഈ കരാർ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ ചർച്ചയിലൂടെയെങ്കിലും നടപടിയെടുക്കാൻ കഴിഞ്ഞാൽ നമുക്ക് പ്രയോജനകരമായ രീതിയിൽ ജലം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും. ആ വെള്ളം ലഭിക്കാൻ ചിറ്റൂരിലൊക്കെ വളരെ ബുദ്ധിമുട്ടാണ്. എന്റെ അഭിപ്രായത്തിൽ ഇതിൽ ഇടപെടാൻ ഗവൺമെന്റിന് അധികാരമുണ്ട്. ഒരു കക്ഷിയെന്നുള്ള നിലയിൽ മറ്റൊരു കക്ഷി കരാർ ലംഘിക്കുമ്പോൾ നമുക്ക് ഇടപെടാം. അങ്ങനെ ഇടപെടാനുള്ള നടപടികൾ എടുക്കുമോ? നമുക്ക് കരാർ പ്രകാരം കിട്ടാനുള്ള ജലം കിട്ടണം. പറമ്പിക്കുളത്തെ കെട്ടിടങ്ങൾ വിട്ടുകിട്ടിയിട്ടില്ല. കഴിഞ്ഞ ഇരുപത് വർഷം മുൻപ് പറമ്പിക്കുളത്തെ സൈറ്റ് പൂർണ്ണമായി സംസ്ഥാനത്തിന് ട്രാൻസ്ഫർ ചെയ്യാമെന്നുള്ളതാണ് കരാറിലെ വ്യവസ്ഥ. അതുപോലും വിട്ടുകിട്ടിയിട്ടില്ല. പാർഷ്യലായിട്ടേ കിട്ടിയിട്ടുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് ഗവൺമെന്റ് എടുക്കാൻ പോകുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങയുടെ ആദ്യത്തെ ചോദ്യം, ഡാം സേഫ്റ്റി അതോറിറ്റി നിയമം നടപ്പിലാക്കുന്നതിനെക്കുറിച്ചാണ് അത് പരിശോധിക്കാം. അത് ഏത് സ്റ്റേജിലാണ് നിൽക്കുന്നത് എന്ന് നോക്കിയിട്ട് അതിനുള്ള നടപടികൾ നിശ്ചയമായിട്ടും സ്വീകരിക്കുന്നതാണ്. രണ്ടാമത്തേത്, നദീജല കരാറുകൾ ലംഘിച്ച് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്നുള്ളതാണ് കരാർ ലംഘനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും അത് കാലാകാലങ്ങളിലുള്ള ഗവൺമെന്റുകൾ തമിഴ്നാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഗവൺമെന്റു മായി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് തമിഴ്നാട് വ്യാഖ്യാന മായിട്ടുള്ള ചില വാദഗതികളാണ് ഉന്നയിക്കുന്നത്. ഏതായാലും സംസ്ഥാനം തുടർച്ചയായി എടുത്തിരിക്കുന്ന സമീപനം അവിടെ കരാർ ലംഘനം നടക്കുന്നു, അത് ആവർത്തിക്കാൻ പാടില്ല എന്നുള്ളതാണ്. ഈ മൂന്ന് ചർച്ചകളിലും ഈ കരാർ ലംഘനത്തിന്റെ കാര്യം നമ്മൾ ഉന്നയിക്കുകയും ആ പ്രശ്നം സജീവമായി പരിഗണനയ്ക്ക് വരുകയും ചെയ്തിട്ടുണ്ട്. പറമ്പിക്കുളത്തെ കുറേ കെട്ടിടങ്ങൾ കൂടി ഈ ആറ് മാസത്തിനുള്ളിൽ നമുക്ക് വിട്ടുകിട്ടിയിട്ടുണ്ട്. തുടർന്നുള്ള കെട്ടിടങ്ങൾ കൂടി വിട്ടുകിട്ടുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, മുല്ലപ്പെരിയാർ ഒരു അന്തർസംസ്ഥാന നദിയല്ല. അതുകൊണ്ടുതന്നെ അന്തർസംസ്ഥാന നദീതർക്കങ്ങളുടെ പരിധിയിൽപ്പെടുത്തിയല്ല അത് കൈകാര്യം ചെയ്യേണ്ടത്. യഥാർത്ഥത്തിൽ മുല്ലപ്പെരിയാറിലെ മുഴുവൻ ജലത്തിന്റെയും അവകാശം തമിഴ്നാടിനാണെന്ന് കരാറിലുണ്ട്. പക്ഷേ കരാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഘടനങ്ങളുടെ പേരിൽ മാത്രമേ നമുക്ക് ഇനി നമ്മുടെ അവകാശം വീണ്ടെടുക്കാൻ കഴിയുകയുള്ളു. അതിൽ പ്രധാനമായിട്ടുള്ള ഒന്ന്, നമ്മുടെ അനുമതിയില്ലാതെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുവെന്നുള്ളതാണ്. ഈ സംസ്ഥാനത്തിന് വേണ്ടി സർ സി. പി. രാമസ്വാമി അയ്യർ നടത്തിയിട്ടുള്ള വാദം വളരെ ശക്തമായിരുന്നു.

ശ്രീ. സ്പീക്കർ: പശ്ചാത്തലം മുഴുവൻ പറഞ്ഞാൽ പ്രയാസമാണ്. എല്ലാവർക്കും പോരിക്കണ്ടേ?

ശ്രീ. പി. ടി. തോമസ്: ഞാൻ ചോദ്യത്തിലേക്ക് വന്നുകഴിഞ്ഞു.

ശ്രീ. സ്പീക്കർ: എല്ലാവരോടുംകൂടി പറയുകയാണ്, ചെയറിന്റെ ആഗ്രഹം എല്ലാവർക്കും സമയം കൊടുക്കണമെന്നാണ്. പ്രത്യേകിച്ച് സഭാനേതാക്കളൊക്കെ എല്ലാം വിശദീകരിച്ച് പറഞ്ഞാൽ വളരെ കഷ്ടമാണ്. Please put the question, Shri. Thomas.

ശ്രീ. പി. ടി. തോമസ്: വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് അടക്കമുള്ള കരാർ സംഘടനങ്ങളുടെ ഒരു പട്ടിക സമർപ്പിച്ചുകൊണ്ട് മുല്ലപ്പെരിയാർ നദീജലം സംബന്ധിച്ച പ്രശ്നം കേരള ഗവൺമെന്റിന് അനുകൂലമാക്കി മാറ്റാനുള്ള നടപടികളെ സംബന്ധിച്ച് ആലോചിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇതൊരു അന്തർ സംസ്ഥാന നദീജല തർക്കമായിട്ട് നമ്മൾ ഇതുവരെ ഉന്നയിച്ചിട്ടില്ല. നമ്മുടെ ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിലുള്ള കാര്യമായി മാത്രമേ ഇതുവരെ കണ്ടിട്ടുള്ളു. ഇവിടെ കരാർ ലംഘനങ്ങളുടെ കാര്യങ്ങൾ പറഞ്ഞു. അവർ നടത്തിയിട്ടുള്ള കരാർ ലംഘനങ്ങൾ അതാത് സമയത്ത് പുണ്ടിക്കാണിക്കുകയും സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് കൂടുതൽ അധികാരങ്ങളും കൂടുതൽ നിയന്ത്രണങ്ങളും വേണമെന്ന് തമിഴ്നാട് ഗവൺമെന്റ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നമ്മൾ അനുവദിക്കാതിരിക്കുന്നത്. പക്ഷേ ഒരു കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്, തമിഴ്നാടുമായി നമുക്ക് വളരെ നല്ല ബന്ധമാണുള്ളത്. ആ ബന്ധം തുടരാൻ നമ്മൾ ആഗ്രഹിക്കുന്നു. ആ നല്ല ബന്ധം നിലനിർത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ പരമാവധി ശ്രമിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): നമ്മുടെ കുറച്ച് കെട്ടിടങ്ങളെല്ലാം കിട്ടി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അതായും ആശ്വാസകരം തന്നെ. കരാർ അനുസരിച്ച് നിരവധി കൊല്ലങ്ങളായി ആ സ്ഥലം തരാനോ അതുവഴി നമുക്ക് നടന്നുപോകാനോ പോലുമുള്ള അവസരം നിഷേധിച്ചിരുന്നു. അതിൽ കുറച്ചെങ്കിലും ഇപ്പോഴത്തെ ചർച്ചകൾവഴി നേടി

എന്നുള്ളത് ആശ്വാസകരം തന്നെ. എന്നാൽ വെള്ളമാണ് പ്രശ്നം. കഴിഞ്ഞ തവണ ചിറ്റൂർ താവുക്കിലേക്ക് തരേണ്ട 1.1 ടി.എം.സി. വെള്ളം തരാതിരുന്നതിന്റെ ഫലമായി ഒരുപ്പൂവും ഇരുപ്പൂവും കൃഷിയിൽ ദശലക്ഷക്കണക്കായ ഏക്കർ കൃഷി സ്ഥലത്ത് ദശലക്ഷക്കണക്കായ കൃഷിക്കാർക്ക് നഷ്ടവും പട്ടിണിയും ക്ലേശവും ഉണ്ടാക്കിക്കൊണ്ടുള്ള സ്ഥിതിയാണ് സൃഷ്ടിച്ചത്. അന്നത്തെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ അന്നത്തെ കൃഷിക്കാരുടെ പ്രതിനിധികളെ കൊണ്ടുവന്ന് ഞാൻ സംസാരിക്കുകയും ആദ്യത്തെ വെള്ളം കിട്ടായ്മ പറഞ്ഞപ്പോൾ അതിന് കത്തെഴുതാം എഴുതിയിട്ടുണ്ട് എന്നുപറയുകയുമാണ് ചെയ്തത്. രണ്ടാമത് കണിശമായിട്ടും വെള്ളം ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാമെന്ന് അദ്ദേഹം പറഞ്ഞു. രണ്ടാമതും കിട്ടിയില്ല. അദ്ദേഹം കൈമലർത്തുകയാണ് ചെയ്തത്. ആ നില തന്നെയാണോ ഇപ്പോഴും? നമ്മളും അവരും തമ്മിൽ അതിർത്തി സംസ്ഥാനങ്ങൾ എന്നുള്ള നിലയിലുള്ള സൗഹൃദം വളരെ ഊട്ടിയുറപ്പിക്കുന്നതിന് കേരളത്തിലെ മുഴുവൻ ജനങ്ങളും അനുകൂലമാണ്. പക്ഷേ അതിന്റെ പേരിൽ നമ്മുടെ പള്ളയ്ക്ക് ഇങ്ങനെ തുടർച്ചയായി കുത്തിക്കൊണ്ടിരിക്കുകയും നമ്മുടെ കൃഷിക്കാർക്ക് ലഭിക്കേണ്ട വെള്ളം കിട്ടാതെ നാട് നശിക്കുകയും കൃഷിക്കാർ നശിക്കുകയും ചെയ്യുന്ന സ്ഥിതിയിൽ നിന്ന് അവരെ രക്ഷിക്കാനും നമ്മുടെ നാടിന്റെ അഭിമാനം സംരക്ഷിക്കാനുമുള്ള എന്ത് നടപടിയെ സംബന്ധിച്ചാണ് ഗവൺമെന്റ് ചിന്തിക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: എല്ലാ കെട്ടിടങ്ങളും കിട്ടി എന്ന് ഞാൻ പറഞ്ഞില്ല. കുറേ കെട്ടിടങ്ങൾ കിട്ടി. ചെന്നൈയിൽ പോയി ആദ്യമായി നടത്തിയ ചർച്ചയിൽ നമ്മൾ പല ആവശ്യങ്ങൾ ഉന്നയിച്ചു, ഈ ആവശ്യവും ഉന്നയിച്ചു. അവർ ഉന്നയിച്ചതിൽ ന്യായമായി പറഞ്ഞ കാര്യം നമ്മൾ അംഗീകരിച്ചു. നമ്മൾ പറഞ്ഞ കാര്യങ്ങൾ അവരും അംഗീകരിച്ചുകൊണ്ട് കുറേ കെട്ടിടങ്ങൾ കിട്ടി. അവർ ഉന്നയിച്ചിരുന്ന അവരുടെ കെട്ടിടങ്ങളിലുള്ള വൈദ്യുതിബന്ധം നമ്മൾ വിച്ഛേദിച്ചിരുന്നു. ആ വൈദ്യുതിബന്ധം കൊടുക്കണമെന്ന് പറഞ്ഞത് നമ്മൾ നിവേദനം കൊടുത്തു. അവരുടെ കെട്ടിടങ്ങൾക്ക് ചുറ്റുമുണ്ടായിരുന്ന കാടൊക്കെ വെട്ടിത്തെളിച്ച് കൊടുത്തു. കുറേ കെട്ടിടങ്ങൾ നമുക്ക് കൈമാറാമെന്ന് സമ്മതിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ മറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. പക്ഷേ ഉഭയകക്ഷി ചർച്ച നടക്കുന്ന സമയത്ത് ഇരുകൂട്ടരും കൂടി സമ്മതിക്കുന്ന ഒരു പോയിന്റിലേ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. അതാണ് പ്രശ്നം. അതിനകത്ത് സംസ്ഥാനത്തിന്റെ താൽപ്പര്യവും സംസ്ഥാനത്തിന്റെ ആവശ്യവും ശക്തമായിട്ട് നമ്മൾ ഉന്നയിച്ചിട്ടുണ്ട്. അത് ഇന്നത്തെ ഗവൺമെന്റിന്റെ മാത്രമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഇതിനുമുൻപുള്ള ഗവൺമെന്റുകളും ഇതേ ആവശ്യങ്ങൾ ഉന്നയിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഒരു നല്ലബന്ധം

LIBRARY ARCHIVES Kerala Legislative Assembly

നിറവേർത്തികൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണമെന്നുള്ള ആഗ്രഹമാണ് എല്ലാ ഗവൺമെന്റുകളും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് അവർക്കുടി സമ്മതിക്കുന്ന ഒരു പോയിന്റിലെ തീരുമാനമെടുക്കാൻ പറ്റുകയുള്ളു. പക്ഷേ കുറേ കാര്യങ്ങളിൽ പുരോഗതിയുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനത്തിലെത്താൻ പറ്റുമോ എന്ന് ശ്രമിക്കുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, unreasonable ആയിട്ടുള്ള കരാറുകളെല്ലാം റദ്ദാക്കി reasonable ആയിട്ടുള്ള കരാറുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിയെടുക്കുമെന്ന് ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ഈയിടെ പ്രസ്താവിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടും അതുതന്നെയാണെങ്കിൽ അത്തരത്തിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ആ പ്രസ്താവനയുടെ അടിസ്ഥാനത്തിലുള്ള നടപടികൾക്ക് മുതിരുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: Unreasonable ഏതാണ്; reasonable ഏതാണ് എന്നുള്ള തർക്കമാണ് നിൽക്കുന്നത്. അവിടെയാണ് പ്രശ്നം വരുന്നത്. നമ്മൾ നമ്മുടെ വാദങ്ങൾ ശക്തമായി ഉന്നയിക്കുന്ന സമയത്ത് അതിന് വ്യത്യസ്തമായിട്ടുള്ള പിന്നെ കാര്യങ്ങളാണ് അവർ ഇങ്ങോട്ട് പറയുന്നത്. ഇത് തന്നിലുള്ള പ്രശ്നമാണ്. അതുകൊണ്ട് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും അതിനാവശ്യമായിട്ടുള്ള മാറ്റങ്ങളുണ്ടാക്കാനും വേണ്ടിയുള്ള ശ്രമങ്ങളും നിലപാടുമാണ് മുല്ലപ്പെരിയാറിന്റെ കാര്യത്തിലാണെങ്കിലും മറ്റ് അന്തർ സംസ്ഥാന നദീതർക്കങ്ങളിലാണെങ്കിലും ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിം: സർ, മുല്ലപ്പെരിയാർ ഡാമിന്റെ റിസർവോയറിന്റെ വലിപ്പം കൂട്ടാൻ തമിഴ്നാടിന് കഴിഞ്ഞിട്ടില്ല എന്നുള്ളത് ശരിയാണ്. സബ്ജക്ട് കമ്മിറ്റി അവിടെ പോയപ്പോൾ സ്പിൽ വേയിൽ മണ്ണിട്ട് നികത്തി റിസർവോയറിൽ നിന്ന് പരമാവധി വെള്ളം കൊണ്ടുപോകുന്ന സംവിധാനമാണ് തമിഴ്നാട് ഗവൺമെന്റ് ഒരുക്കിയിട്ടുള്ളത്. ഈ റിസർവോയറിൽ നിന്ന് മണ്ണ് മാറ്റി സംസ്ഥാനത്തിന് ആവശ്യമായിട്ടുള്ള ജലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുന്നുണ്ടില്ല. ഇത് യഥാസമയം മോണിറ്റർ ചെയ്യാത്തതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അന്നത്തെ ജലസേചന വകുപ്പുമന്ത്രി ബഹു. താനുനായ ടി. എം. ജേക്കബ് പറയുകയുണ്ടായി, അവിടെ ഒരു എൻജിനീയറിംഗ് വിംഗിനെ പുനരവതരിപ്പിക്കുമെന്ന്. അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: തമിഴ്നാട് അർഹിക്കുന്നതിൽ കൂടുതൽ വെള്ളം കടത്തി കൊണ്ടുപോകുന്നുവെങ്കിൽ അത് തടയുന്നതിന് നടപടി സ്വീകരിക്കും. എൻജിനീയറിംഗ് വിംഗിന്റെ കാര്യത്തെ സംബന്ധിച്ചിടത്തോളമുള്ള വിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എന്റെ കയ്യിലില്ല. കുമിളിയിൽ ഒരു മോണിറ്ററിംഗ് സെൽ രൂപം കൊണ്ടിട്ടുണ്ട്. ആ സ്പോട്ടിൽ എന്ത് സംവിധാനം ഏർപ്പെടുത്താൻ പറ്റുമെന്ന് നോക്കാം. നേരത്തെ അങ്ങനെയൊരു തീരുമാനമുണ്ടെങ്കിൽ അത് പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇപ്പോൾ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്ന സമയമാണ്; കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകുന്നു എന്നുള്ള ഒരു ആക്ഷേപം ഉയർന്നിരിക്കുകയുമാണ്. ഇന്ന് അത് പല പത്ര മാധ്യമങ്ങളിലുമുണ്ട്, പ്രത്യേകിച്ച് മനോരമ പത്രത്തിൽ. 115 അടിയാണ് ഇപ്പോഴുള്ള ജലനിരപ്പ്. 112 അടിയായിരുന്നപ്പോൾ ഏറിടെനിന്ന് 200 ഘന അടി വെള്ളമാണ് തമിഴ്നാട് കൊണ്ടു പൊയ്ക്കൊണ്ടിരുന്നത്. ഇപ്പോൾ 600 ഘന അടി വെള്ളം തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്നുവെന്ന് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഒഴുകി എത്തുന്നതിനേക്കാൾ കൂടുതൽ വെള്ളം ഒഴുക്കിവിടുകയാണ്. 593 ഘന അടി വെള്ളമാണ് ഒഴുകി എത്തുന്നത്. എന്നാൽ 600 ഘന അടി വെള്ളം അവിടെനിന്ന് ഒഴുക്കിവിടുകയാണ്. ഇങ്ങനെ വളരെ തെറ്റായ നിലയിൽ എല്ലാ തരത്തിലുള്ള മുൻ തീരുമാനങ്ങളും ലംഘിച്ചുകൊണ്ട് കൂടുതൽ വെള്ളം തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്ന പ്രവണത മനസ്സിലാക്കുന്ന സാഹചര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കരാറനുസരിച്ച് അർഹിക്കുന്നതിൽ കൂടുതലൊന്നും എടുക്കുന്നതു തടയുന്നതിനുള്ള നടപടി സ്വീകരിക്കും എന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾകൂടി പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ബഹുമാനപ്പെട്ട അങ്ങ് ആഴ്ചയിൽ രണ്ട് വട്ടം ഡൽഹിയിൽ പോകാറുണ്ട്. യാത്രാവേളയിൽ എപ്പോഴെങ്കിലും രാഷ്ട്രീയ പ്രശ്നങ്ങൾക്കപ്പുറത്തെ ഇതുപോലെ കരാറുകൾ സംബന്ധമായ, അതായത് ഡാം സേഫ്റ്റി അതോറിറ്റിയുടെ തീരുമാനം പുനഃപരിശോധിക്കുവാൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട മന്ത്രിമാർക്ക് രേഖാമൂലം എന്തെങ്കിലും നിവേദനം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഡൽഹിയിൽനിന്നും കിട്ടിയിട്ടുള്ള പ്രതികരണം എന്താണെന്ന് വെളിപ്പെടുത്താമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് കേന്ദ്ര ഗവൺമെന്റ് കൈകാര്യം ചെയ്യേണ്ട പ്രശ്നമല്ല. നമ്മുടെ പ്രതിനിധിയുടെ അനുവാദമില്ലാതെയാണ് 142 അടിയായിട്ട് ജലനിരപ്പ് ഉയർത്തണമെന്ന് സാങ്കേതിക കമ്മിറ്റി റിപ്പോർട്ട് കൊടുത്തത്. അതിനെതിരെ കേരളം സുപ്രീംകോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തിരിക്കുകയാണ്. ഇത് സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: 1886-ൽ മഹാരാജാവിന്റെ കാലത്ത് ഉണ്ടാക്കിയ കരാറാണിത്. എന്നാൽ 1970-ൽ പുതുക്കിയ കരാറനുസരിച്ച് 1999-വരെ ഇതിന്റെ കാലാവധി അവസാനിച്ചിരിക്കുന്നത്. ഇത്രയും ദീർഘമായ, നമ്മുടെ ഭാവിയെ മുഴുവൻ പണയപ്പെടുത്തുവാനുള്ള ഒരു കരാറിൽ ഒപ്പു വയ്ക്കുവാൻ നമ്മുടെ ഏതെങ്കിലും ഒരു സർക്കാരിന് അവകാശമുണ്ടോ? അക്കാര്യം മുഖ്യമന്ത്രി വെളിപ്പെടുത്താമോ?

ശ്രീ ഉമ്മൻ ചാണ്ടി: സർ, 1970-ലെ എഗ്രിമെന്റിൽ അല്ല 1999 വർഷമെന്നു വന്നത്. അതിന്റെ റിന്യൂവൽ വർഷത്തിൽ, 1886-ൽ ഉണ്ടാക്കിയ കരാറിലാണ് 1999 വരെ തമിഴ്നാടിനു ജലം നല്കുവാനുള്ള കരാറുണ്ടാക്കിയത്. 1970-ൽ ഉണ്ടാക്കിയ കരാറിൽ ഓരോ മൂന്നു വർഷം കൂടുമ്പോഴും പാട്ടവാടക പുതുക്കുന്നതിനുള്ള വ്യവസ്ഥയാണുള്ളത്.

ശ്രീ. പി. ജയരാജൻ : മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പാണം നിലവിലുള്ള 136 അടിയിൽനിന്ന് ഉയർത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയം കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി മുല്ലപ്പെരിയാർ സംരക്ഷണത്തിനു മാത്രമായി ഒരു നിയമം കൊണ്ടുവരുമെന്ന് അറിയിക്കുകയുണ്ടായി. അതിന് ഭരണഘടനാപരമായ സംരക്ഷണം കിട്ടുമെന്നും അന്ന് ഗവൺമെന്റിനുവേണ്ടി അറിയിച്ചിരുന്നു. ഇത് അന്തർ-സംസ്ഥാന നദിയാകുകയില്ല എന്നതായിരുന്നു അന്ന് പറഞ്ഞിട്ടുള്ള ന്യായം. കേരളത്തിൽ ഉത്ഭവിച്ച് കേരളത്തിലൂടെ ഒഴുകുന്ന നദിയായതുകൊണ്ട് കേരളത്തിനുതന്നെ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ കഴിയും എന്ന നിയമോപദേശം കിട്ടിയിട്ടുണ്ടെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ ഡാം സേഫ്റ്റി അതോറിറ്റിക്കുവേണ്ടി നിയമമുണ്ടാക്കിയിട്ടുപോലും ആ അതോറിറ്റി രൂപീകരിച്ചിട്ടില്ല. അതുകൊണ്ട് കേരളത്തിനുവേണ്ടി മാത്രമായി, മുല്ലപ്പെരിയാറിന്റെ സംരക്ഷണത്തിനു മാത്രമായി നിയമം നിർമ്മിക്കുവാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: അതിനെക്കുറിച്ച് എനിക്ക് ഇപ്പോൾ അഭിപ്രായം പറയാൻ സാധിക്കുകയില്ല. അതു സംബന്ധിച്ച് നേരത്തേ എന്ത് ഉറപ്പാണ് നല്കിയിരുന്നത് എന്നതിനെ സംബന്ധിച്ച് അതിന്റെ പ്രായോഗികവും നിയമപരവുമായ വശങ്ങൾ പരിശോധിച്ചശേഷം മാത്രമേ പറയാൻ സാധിക്കൂ.

ശ്രീ. സി. പി. എ. സാമിർ: സർ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ യുദ്ധം ഉണ്ടാകുകയാണെങ്കിൽ അതു വെള്ളത്തിനുവേണ്ടി ആയിരിക്കുമെന്ന് നാം മനസ്സിലാക്കിയതാണ് മുല്ലപ്പെരിയാർ കനാലിന്റെ ഡാമിൽ വർക്കുകൾ നടക്കുന്നു. അതുപോലെതന്നെ കൃഷ്ണഗിരി ഏരിയായിൽ തമിഴ്നാട് ഓരോ സംഗതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതിനു ശേഷമാണ് നമ്മുടെ എഞ്ചിനിയർമാർ അത് അറിയുന്നത് അതുകൊണ്ടുതന്നെ ഡാമിന്റെ പെരിഫറിൽ ക്യാമ്പ്മെന്റ് ഏരിയായിൽ ഒരു സബ്ഡിവിഷൻ ഉണ്ടാക്കുകയും അവരുടെ റിപ്പോർട്ട് മാസംതോറും വാങ്ങുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: അത് പ്രത്യേകമായി പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടുന്ന കാര്യമാണ്. നമ്മൾ അനുവദിച്ചിട്ടുള്ളതിൽ കൂടുതലായി ഒരു കൺസ്ട്രക്ഷനും നടത്താൻ തമിഴ്നാടിനെ അനുവദിച്ചിട്ടില്ല. അനധികൃതമായി എന്തെങ്കിലും നടത്തിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കും, പരിഗണിക്കും. അങ്ങനെ തെറ്റായി ചെയ്തിട്ടുണ്ടെങ്കിൽ തിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും.

ശ്രീ. സി. കെ. നാണു: മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് കേരളത്തിന്റെ താല്പര്യങ്ങൾ പരിശോധിക്കുന്നതിന് അതിന്റെ സാദ്ധ്യത നമുക്ക് സംവിധാനങ്ങളൊന്നുമില്ല. സംസ്ഥാന ഗവൺമെന്റ് മുല്ലപ്പെരിയാർ അണക്കെട്ടിനോട് അടുപ്പിച്ചുള്ള സ്ഥലത്ത് ഓഫീസ് സംവിധാനം ഏർപ്പെടുത്തണം. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. ചന്ദ്രൻ പറഞ്ഞതുപോലെ വളരെ മുമ്പ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് അധികം കഴിയാതെതന്നെ അത്തരമൊരു തീരുമാനമെടുത്തു. ആ തീരുമാനം എങ്ങനെ കൈകാര്യം ചെയ്യണമെന്നും അതിനുവേണ്ട ബോട്ടിന്റെ സംവിധാനങ്ങൾ, എങ്ങനെയായിരിക്കണം എന്നുള്ളതിനെ സംബന്ധിച്ചുമൊക്കെ അന്ന് വ്യക്തമാക്കിയതാണ് അത്തരമൊരു സംവിധാനം ഏർപ്പെടുത്താതെ മുല്ലപ്പെരിയാറിന്റെ സാദ്ധ്യത വെള്ളം പോർത്തിക്കൊണ്ട് പോകുന്നുണ്ടോ; ആ അണക്കെട്ടിന് എന്തെങ്കിലും തരത്തിൽ ഭീഷണിയുണ്ടോ എന്ന് സവിശേഷമായി അറിയാനുള്ള സംവിധാനം ഒന്നുമില്ല. പിന്നീടാൾ വന്നതിൽ ഉദ്യോഗസ്ഥർക്ക് ഒറ്റ തിരിഞ്ഞുള്ള ഓഫീസിൽ താമസിക്കുവാൻ ബുദ്ധിമുട്ടുണ്ടാകും. അതു പരിഹരിച്ചുകൊണ്ട് കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സവിശേഷമായി ഒരു ഓഫീസ് അവിടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്റ്റേറ്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇപ്പോൾ കുമിളിയിൽ അതിന്റെ മോണിറ്ററിംഗ് സെൽ ഉണ്ട്. അവർ ഇടയ്ക്ക് പോയിട്ടാണ് ഇത് പരിശോധിക്കുന്നത്. അവിടെത്തന്നെ ഓഫീസ് വച്ചാലേ ഇത് സൂക്ഷ്മമായി പരിശോധിക്കുവാൻ സാധിക്കൂ എന്നുണ്ടെങ്കിൽ അതു നോക്കാം. ഏതായാലും ഇന്നത്തെ സംവിധാനത്തിൽ എന്തെങ്കിലും പോരായ്മ ഉണ്ടോ എന്നുള്ളത് പ്രത്യേകം പരിശോധിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

സി. സ്പീക്കർ : 2-ാം നമ്പർ ചോദ്യവും 15-ാം നമ്പർ ചോദ്യവും ഒന്നിച്ച് ചെയ്യുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ

2 [2] ശ്രീ. വി. കെ. സി. മമ്മദ്കോയ:

.. *കോടിയേരി ബാലകൃഷ്ണൻ*:

.. *മത്തായി ചാക്കോ*:

.. എ. സി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) എന്നത്തേയ്ക്ക് തെരഞ്ഞെടുപ്പ് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ;

(സി) തെരഞ്ഞെടുപ്പ് നടത്തുന്നതിനോടനുബന്ധിച്ച് വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവോ;

(ഡി) വോട്ടേഴ്സ് ലിസ്റ്റനുസരിച്ച് വോട്ടർമാരുടെ എണ്ണത്തിൽ കഴിഞ്ഞ തവണത്തേക്കാൾ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) വോട്ടർമാരുടെ എണ്ണം കുറഞ്ഞതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പൊതു തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി വോട്ടർ പട്ടിക പുതുക്കൽ നടപടി ആരംഭിച്ച് 15-6-2005-ൽ കരട് വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തി. ഇതുകൂടാതെ സർക്കാർ രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജന പ്രക്രിയയുടെ നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച് ജില്ലകൾതോറും ഇക്കാര്യത്തിലെ പരാതികൾ കേൾക്കുന്നതിനായി പ്രസ്തുത കമ്മീഷൻ സിറ്റിംഗ് നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly